# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2224** **18/06/2013- ൽ മറുപടിക്ക്**

## വ്യവസായ വാണിജ്യ ശൃംഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യവസായ - വാണിജ്യ ശൃംഖല ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ കിൻഫ്രയുടെ നേതൃത്വത്തിലുള്ള വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | ഇതിന്റെ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) & (സി) | സംസ്ഥാനത്ത് വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>സംസ്ഥാനത്ത് തുറമുഖങ്ങളുടേയും വിമാനത്താവളങ്ങളുടേയും വികസന സാദ്ധ്യതകൾ മുന്നിൽ കണ്ടുകൊണ്ട് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളിൽ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ (കിൻഫ്ര) ലക്ഷ്യമിടുന്നുണ്ട്. ഈ സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച്, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം ലഭ്യമാക്കിക്കൊണ്ട്, ഇതുവഴി തുറമുഖ വിമാനത്താവള അധിഷ്ഠിത അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ മേഖലയുമായി ബന്ധപ്പെട്ട് കയറ്റുമതി അധിഷ്ഠിതവും അല്ലാത്തതുമായ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഇതുമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത മേഖലകൾക്ക് ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ? | (ഡി) | കിൻഫ്ര സ്ഥാപിക്കുന്ന വ്യവസായ വികസന മേഖലകളുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം തന്നെ ഏകോപിപ്പിക്കുന്നത് കിൻഫ്രയാണ്. |

സെക്ഷൻ ഓഫീസർ